51930/G/13/ടൂറിസം

# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 5596

04.07.2013 ൽ മറുപടിക്ക്

## ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം.വി. ശ്രേയാംസ് കുമാർ**<br>**ശ്രീ. റോഷി അഗസ്റ്റിൻ**<br>**ശ്രീ. പി.സി.ജോർജ്**<br>**ഡോ. എൻ.ജയരാജ്** | **ശ്രീ. എ.പി.അനിൽകുമാർ**<br>**(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) വിനോദസഞ്ചാര മേഖലയിലെ വരുമാനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് എത്രത്തോളം വർദ്ധനവ് വന്നിട്ടുണ്ട്; വിശദാംശം നൽകുമോ ; | എ) 2011-ൽ 4221.99 കോടി വിദേശ നാണ്യവും 2012-ൽ 4571.69 കോടി വിദേശ നാണ്യവും സംസ്ഥാനത്തിന് നേടാൻ സാധിച്ചു. തദ്ദേശ ടൂറിസം വരുമാനത്തിൽ നിന്നുള്ള കണക്ക് യഥാക്രമം 10131.97 കോടിയും 10883 കോടിയുമാണ്. 2011 ലേക്കാൾ 7.41% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| ബി) ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിന് പദ്ധതിയുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | ബി) ഉണ്ട്. ടൂറിസം മേഖലയിൽ പൊതു-സ്വകാര്യ നിക്ഷേപം അടിസ്ഥാന സൗകര്യവികസനത്തിന് ആകർഷിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പൊതു മേഖലയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതി വിഹിതം ഉപയോഗിച്ചും, സ്വകാര്യ മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിന് ആവശ്യമായ വിപണനതന്ത്രങ്ങൾ ആവിഷ്ക്കരിക്കുകയും സബ്സിഡിയടക്കമുള്ള ഇൻസെന്റീവ് നൽകുകയും ചെയ്ത് വരുന്നു. |

| | |
|---|---|
| സി) വിനോദസഞ്ചാര സാധ്യതകളെയും അനുബന്ധ വിവരങ്ങളെയും കുറിച്ച് പഠനം നടത്താനും സാധ്യതകൾ കണ്ടെത്തിയാൽ പദ്ധതികൾ ആവിഷ്കരിക്കാനും എന്തു സംവിധാനമാണ് നിലവിലുള്ളത് ; വിശദാംശങ്ങൾ നൽകുമോ ? | സി) സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വിനോദ സഞ്ചാര സാധ്യതകളും അനുബന്ധ വിവരങ്ങളും സംബന്ധിച്ചുള്ള പഠനം നടത്തുന്നതിനായി രാജ്യത്തെ വിവിധ ഏജൻസികളുടെ സഹായത്തോടുകൂടി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്ത് വരുന്നു. |

**സെക്ഷൻ ഓഫീസർ**